വേലികളിൽ 55 സെ.മി
അകലത്തിലും നടാം.

ഹെഡ്ജ് ലൂസേൺ – 50 സെ.മി അകലത്തിൽ നട്ട് ദിവസവും 30ാം ദിവസവും തുടർന്ന് ആഴ്ചയിൽ ഒരിക്കലും ജലസേചനം ഉറപ്പുവരുത്തുക. (മുളയ്ക്കൽ ത്വരിതപ്പെടുത്തുന്നതിന് വിത്ത് 80$^{o}$ C ചൂടുള്ള വെള്ളത്തിൽ (തിളച്ച വെള്ളം 5 മിനിറ്റ് ആറിയതിനുശേഷം)4 മിനിറ്റു നേരം വച്ചതിനുശേഷം ഒരുമണിക്കൂർ വെയിലത്തുണക്കി വിതയ്ക്കാം

വളപ്രയോഗം : സുബാബുൾ, അഗത്തി – 40 കിലോ ചാണകം അടിവളമായി ഒരു സെന്റിന് 0.2 കിലോ യൂറിയ 0.6 കിലോ സൂപ്പർ ഫോസ്ഫേറ്റ്, 0.24 കിലോ പൊട്ടാഷ്

ഹെഡ്ജ് ലൂസേൺ – സെന്റൊന്നിന് 100 കിലോ ചാണകം അടിവളമായി. 0.2 കിലോ യൂറിയ, 0.5 കിലോ സൂപ്പർ ഫോസ്ഫേറ്റ്, 0.2 കിലോ പൊട്ടാഷ്

വിളവെടുപ്പ് : സുബാബുൾ, അഗത്തി – 6 മാസം (1.5– 1.75 മീ ഉയരം) കഴിഞ്ഞ് ഇല, ഇളം തണ്ടുകൾ എന്നിവ അരിഞ്ഞെടുക്കാം. (തറനിരപ്പിൽ നിന്നു 70-80 സെ.മി ഉയരത്തിൽ വെച്ച്). പിന്നീട് 45–50 ദിവസം ഇടവിട്ട് അരിഞ്ഞെടുക്കാം.

ഹെഡ്ജ് ലൂസേൺ – 90 ദിവസം (45–50 സെ.മി ഉയരം എത്തുമ്പോൾ) പിന്നീട് 35 – 40 ദിവസം ഇടവേളയിൽ

വിളവ് : സുബാബുൾ–120–200 കിലോ/സെന്റ്

അഗത്തി– 200–400 കിലോ/സെന്റ്

ഹെഡ്ജ്ലൂസേൺ –320–360 കിലോ/സെന്റ്

| പോഷക ഗുണം : | സുബാബുൾ | അഗത്തി | ഹെഡ്ജ്ലൂസേൺ |
|---|---|---|---|
| അസംസ്കൃത മാംസ്യം – | 15–30% | 16–25% | 20–22% |
| അസംസ്കൃത നാര് – | 8–14% | 19–30% | – |

പ്രസാദകൻ : ഡോ.എ.ഗോപാലകൃഷ്ണൻ, ഡയറക്ടർ, സി.എം.എഫ്.ആർ.ഐ,
തയ്യാറാക്കിയത് : ഡോ. കെ. സ്മിത ശിവദാസൻ, ഡോ. ഷിനോജ് സുബ്രമണ്യൻ
**കൃഷി വിജ്ഞാന കേന്ദ്രം, എറണാകുളം.**

കൃഷി വിജ്ഞാന പരമ്പര 2/2015

भा कृ अनु प
ICAR

# പുത്തൻ തീറ്റപ്പുൽ വിളകൾ



सी एम एफ आर आइ
CMFRI

**ഐ.സി.എ.ആർ – കൃഷിവിജ്ഞാന കേന്ദ്രം എറണാകുളം**
ഐ.സി.എ.ആർ – കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം,
(കാർഷിക ഗവേഷണ വിദ്യാഭ്യാസ വകുപ്പ്, കൃഷി മന്ത്രാലയം, ഭാരത സർക്കാർ)
ആറാട്ടുവഴി ബീച്ച് – ഞാറക്കൽ പി.ഒ., എറണാകുളം, 682505

കന്നുകാലി വളർത്തലിൽ 70 ശതമാനത്തിലധികം ചിലവ് തീറ്റയ്ക്കുവേണ്ടി മാത്രം വരുമെന്ന് കണക്കാക്കപ്പെടുന്നു. പച്ചപ്പുല്ല് ധാരാളം നൽകാൻ പറ്റുകയാണെങ്കിൽ തീറ്റയുടെ ചിലവ് കുറയ്ക്കാൻ സാധിക്കും. തീറ്റപ്പുല്ലും പയർവർഗ്ഗതീറ്റവിളകളും 3:1 അനുപാതത്തിൽ ഉൾപ്പെടുത്തിയാൽ തീറ്റയുടെ പോഷകഗുണം വർദ്ധിപ്പിക്കാനും പാലിൽ കൊഴുപ്പിന്റെ അളവ് കൂട്ടാനും സഹായിക്കുന്നതാണ്. വിവിധയിനം പ യർവർഗ്ഗ - വൃക്ഷ തീറ്റ വിളകൾ ഇതര സംസ്ഥാനങ്ങളിൽ ഉപയോഗിച്ചു വരുന്നുണ്ടെങ്കിലും കേരളത്തിൽ ഇവ അത്ര പ്രചാരത്തിലില്ല. ഇത്തരം കാലിതീറ്റ വിളകളെ കുറിച്ച് കുടുതൽ അവബോധം ഉണ്ടാക്കുക എന്നതാണ് ഈ കൃഷി വിജ്ഞാന പരമ്പരയുടെ ഉദ്ദേശം.

## തീറ്റപ്പുൽ ധാന്യവിളകൾ

### മക്കച്ചോളം

**നടീൽ സമയം** : ജൂൺ, ജൂലൈ, സെപ്റ്റംബർ - ഒക്ടോബർ

**നടീൽ രീതി** : 30 സെ.മി അകലത്തിൽ വാരം എടുത്ത് 15 സെ.മി അകലത്തിൽ 2 വിത്ത് വീതം 5 സെ.മി ആഴത്തിൽ നടുക.

**വിത്തിന്റെ അളവ്** : 160 - 180 ഗ്രാം/സെന്റ്

**വളപ്രയോഗം** : 40 കിലോ ചാണകവും അടിവളമായി ഒരു സെന്റിന്, 1 കിലോ യൂറിയ 0.4 കിലോ സൂപ്പർ ഫോസ്ഫേറ്റ് 0.24 കിലോ പൊട്ടാഷ്

**വിളവെടുപ്പ്** : 70-75 ദിവസത്തിന് ശേഷം ചോളമണികൾ പാൽപരുവമാവുമ്പോൾ ചെടി മുഴുവൻ വെട്ടി അരിഞ്ഞ് കൊടുക്കേണ്ടതാണ്

**വിളവ്** : 180 - 240 കിലോ / സെന്റ്

**പോഷക ഗുണം** : അസംസ്കൃത മാംസ്യം - 7-10% , അസംസ്കൃത നാര് - 25-30%

## തീറ്റപ്പുൽ പയറുവിളകൾ

### സ്റ്റൈലോസാന്തസ്, വൻപയർ

നടീൽ സമയം : മെയ് - ജൂൺ (ജലസേചന സൗകര്യ മനുസരിച്ച്)

വിത്തിന്റെ അളവ് : സ്റ്റൈലോസാന്തസ് - തനി വിളയായി 40 ഗ്രാം/ സെന്റ്
വൻപയർ - 160-200 ഗ്രാം/ സെന്റ്

നടീൽ രീതി : സ്റ്റൈലോസാന്തസ്-ചെറിയ വിത്തായതി നാൽ നിലം നന്നായി ഒരുക്കുക. വിത്ത് തലേരാത്രി കുതിർത്തതിനു ശേഷം മണൽ ചേർത്ത് വിതയ്ക്കുക.
വൻപയർ - 3 മീറ്റർ വിട്ട് ചാലുകൾ ഉണ്ടാക്കി വരികൾക്കിടയിൽ 15-20 സെ.മീ അകലത്തിൽ വിത്ത് നടുക.

വളപ്രയോഗം : സെന്റൊന്നിന് 40 കിലോ ചാണകവും അടി വളമായി 0.2 കിലോ യുറിയ 1 കിലോ സൂപ്പർ ഫോസ്ഫേറ്റ് 0.24 കിലോ പൊട്ടാഷ

വിളവെടുപ്പ് : സ്റ്റൈലോസാന്തസ് - 80- 90 ദിവസത്തിനുള്ളിലും, പിന്നീട് 45 ദിവസം ഇടവേളകളിൽ 12 മാസം വരെ.
വൻപയർ-ആദ്യ വിളവ് 45 ദിവസത്തിന് ശേഷം തുടർന്ന് 30 ദിവസത്തിൽ ഒരിക്കൽ ചെടി മുഴുവൻ വെട്ടി അരിഞ്ഞ് കൊടുക്കേണ്ടതാണ്.

വിളവ് : 140 - 160 കിലോ/സെന്റ്

| പോഷക ഗുണം : | സ്റ്റൈലോസാന്തസ് | വൻപയർ |
|---|---|---|
| അസംസ്കൃത മാംസ്യം - | 12 - 18% | 16% |
| അസംസ്കൃത നാര് - | 35% | 20% |

## തീറ്റപ്പുൽ വൃക്ഷ വിളകൾ

### സുബാബുൾ (പീലിവാക),അഗത്തി,ഹെഡ്ജ് ലൂസേൺ

നടീൽ സമയം : മെയ് -ജൂൺ തുടർന്ന് മഴ ലഭിക്കുന്ന സമയങ്ങളിൽ നടാം

വിത്തിന്റെ അളവ് : സുബാബുൾ - 16 ഗ്രാം/സെന്റ്
അഗത്തി - 30 ഗ്രാം/സെന്റ്
ഹെഡ്ജ് ലുസേൺ -80 ഗ്രാം/സെന്റ്

നടീൽ രീതി : സുബാബുൾ, അഗത്തി - തനിവിള യായി 1 മീറ്റർ അകലത്തിലും